## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4658 | 18.12.2014 ൽ മറുപടിക്ക് |
|---|---|

### കൊല്ലം ജില്ലയിലെ പൂതക്കുളം, ചെമ്പകശ്ശേരി ഹയർസെക്കന്ററി സ്കൂൾ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. ജി.എസ്.ജയലാൽ | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കൊല്ലം ജില്ലയിലെ പൂതക്കുളം, ചെമ്പകശ്ശേരി ഹയർ സെക്കന്ററി സ്കൂളിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും ഇതര ഭൗതിക സാഹചര്യങ്ങളും എന്തൊക്കെ യാണെന്നും ആയതു തൃപ്തികര മാണോയെന്നും പരിശോധിച്ച് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ സ്കൂളിൽ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ ഭൗതിക സാഹചര്യ ങ്ങളിൽ അപര്യാപ്തത കണ്ടെത്തുകയും അവ സമയബന്ധിതമായി പരിഹരിക്കു ന്നതിനായി മാനേജ്മെന്റിന് നിർദ്ദേശം നൽകുകയുണ്ടായി. തുടർ പരിശോധന യിൽ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത പരിഹരിക്കുന്നതിന് ഭാഗികമായ നടപടികൾ മാനേജ്മെന്റ് സ്വീകരിച്ചിട്ടുള്ളതായി ബോദ്ധ്യപ്പെട്ടതി നാൽ ചട്ടപ്രകാരമുള്ള മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി വിവരം റിപ്പോർട്ട് ചെയ്യണമെന്ന് ഹയർസെക്കന്ററി ഡയറക്ടർ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | പ്രസ്തുത സ്കൂളിൽ ഈ അദ്ധ്യയന വർഷത്തിൽ പ്ലസ് വൺ അഡ്മിഷന് വേണ്ടി ഈ സ്കൂളിലെ ഒരു അദ്ധ്യാപകൻ കോഴ ആവശ്യപ്പെടുകയും പ്രസ്തുത വാർത്ത ഒരു വാർത്താ ചാനൽ പുറത്ത് വിടുകയും ഇതുമൂലം ബഹുജനസമരം നടന്നതുമായ വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നുവോ; | ഇല്ല. |
| (സി) | എങ്കിൽ ഇതിന്മേൽ സ്കൂളുമായി ബന്ധപ്പെട്ടും ആരോപണ വിധേയനായ അദ്ധ്യാപകനുമായി ബന്ധപ്പെട്ടും എന്ത് അന്വേഷണമാണ് നടത്തിയതെന്നും ആരാണ് അന്വേഷണ ഉദ്യോഗസ്ഥൻ എന്നും വെളിപ്പെടുത്തുമോ; | ബാധകമല്ല |
| (ഡി) | ഈ അന്വേഷണത്തിൽ എന്തു നിഗമനത്തിലാണ് എത്തിച്ചേർന്നതെന്നും ഈ അദ്ധ്യാപകനും സ്കൂളിനുമെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | ബാധകമല്ല |

സെക്ഷൻ ഓഫീസർ